# ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

**ഡയറക്ടർ ഐ.പി.എച്ച്**

കേരളത്തിന് മഹത്തായ ഒരിസ്‌ലാമിക പാരമ്പര്യമുണ്ട്. മുസ്‌ലിംകൾക്കിവിടെ അഭിമാനാർഹവും ബൃഹത്തുമായ ചരിത്രവുമുണ്ട്. ഇസ്‌ലാമിക സംസ്കാരവുമായി ഇന്നാട്ടിനുള്ള ബന്ധം അഗാധമാണ്. നൂറ്റാണ്ടുകളിലൂടെ വ്യാപിച്ചുകിടക്കുന്നതും. എങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ മാത്രമാണ് ഇസ്‌ലാമിനെ സംബന്ധിച്ച് എന്തെങ്കിലുംമൊക്കെ പഠിക്കാൻ പറ്റുന്ന പുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകൃതമായത്.

പൂർവികരായ കേരളീയ പണ്ഡിതന്മാർ ലോക മുസ്‌ലിംകൾക്ക് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. കർമ്മശാസ്ത്രത്തിലും ചരിത്രത്തിലുമെല്ലാം അവർ രചിച്ച അത്യുജ്വല ഗ്രന്ഥങ്ങൾ ഇന്നും ആദരണീയങ്ങളായ ആധികാരിക രേഖകളായി നിലനിൽക്കുന്നു. പുഷ്കലമായ ആ കൃതികളിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പാഠപുസ്തകങ്ങളായിപോലും ഉപയോഗിക്കപ്പെട്ടുവരുന്നുണ്ട്. എങ്കിലും അവയെല്ലാം മലയാളികളെ സംബന്ധിച്ചേടത്തോളം അവർക്ക് അന്യമായ അറബി ഭാഷയിലാണ് രചിക്കപ്പെട്ടിട്ടുള്ളത്.

ആ സുവർണകാലത്തിനുശേഷം കേരള മുസ്‌ലിംകൾ സാഹിത്യ രംഗത്തുനിന്നും പിൻമാറി. മാത്രമല്ല, വൈജ്ഞാനിക മേഖലയിൽപോലും അവർ അക്ഷന്തവ്യമായ ആലസ്യത്തിന്നടിപ്പെട്ടു. ജടിലമായ അക്കാലമത്രയും ഇവിടത്തെ മുസ്‌ലിം മനസ്സുകളെ അടക്കി ഭരിച്ചിരുന്നത് അന്ധവിശ്വാസങ്ങളായിരുന്നു. അവരെ ആവരണം ചെയ്തിരുന്നതോ അനാചാരങ്ങളും മാമൂലുകളുടെ മാറാലകളും. അവരുടെ സാഹിത്യം, ഇസ്‌ലാമിനെ വികലമായി അവതരിപ്പിക്കുന്ന ഖിസ്സപ്പാട്ടുകളും സബീനകളും മാത്രമായിരുന്നു. അതും അറബി മലയാളത്തിൽ.

1915-ൽ പരലോകം പ്രാപിച്ച പ്രമുഖ പണ്ഡിതനും പരിഷ്കർത്താവുമായ സനാഉല്ലാ മക്തി തങ്ങളാണ് ആദ്യമായി മലയാളത്തിൽ ശ്രദ്ധേയമായ ഇസ്‌ലാമിക ഗ്രന്ഥങ്ങൾ രചിച്ചത്. ചെറുതും വലുതുമായ നാൽപതോളം പുസ്തകങ്ങളുടെ കർത്താവായ അദ്ദേഹം 1884-ൽ 'കഠോരകുഠാര'വും 1892-ൽ 'പാർക്കലിത്താ പോർക്കള'വും പുറത്തിറക്കി. തുടർന്ന് വക്കം മൗലവി, കെ.എം. മൗലവി, ഇ.കെ. മൗലവി, വി.കെ. മൂസ മൗലവി, എം. അഹ്മദ് കണ്ണ്, മുഹമ്മദ് മെയ്തീൻ, കെ.സി. കോമുക്കുട്ടി മൗലവി, എം. അബ്ദുല്ലക്കുട്ടി മൗലവി തുടങ്ങിയവർ പല കനപ്പെട്ട ഗ്രന്ഥങ്ങളും ലഘുകൃതികളും കൈരളിക്ക് കാഴ്ചവെച്ചിട്ടുണ്ട്. എങ്കിലും ഈ നൂറ്റാണ്ടിന്റെ മധ്യംവരെ മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യം ശൈശവാവസ്ഥ പിന്നിട്ടിരുന്നില്ല.

**ഇരുമ്പിളിയത്തെ മുരിക്കൻപെട്ടി**

1945 ഏപ്രിൽ 19 മുതൽ 21 വരെ പഞ്ചാബിലെ ദാറുൽ ഇസ്‌ലാമിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമിയുടെ ഒന്നാം അഖിലേന്ത്യാ സമ്മേളനം കനപ്പെട്ട ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വിവിധ ഇന്ത്യൻ ഭാഷകളിലേക്കും ലോക ഭാഷകളിലേക്കും വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. മലയാള പരിഭാഷയുടെയും പ്രസാധനത്തിന്റെയും ചുമതല മർഹൂം വി.പി. മുഹമ്മദലി ഹാജി സാഹിബിനെയാണ് ഏൽപിച്ചത്. ഇങ്ങനെയാണ് കേരളത്തിന്റെ ആദ്യത്തെ വ്യവസ്ഥാപിത ഇസ്‌ലാമിക സ്ഥാപനമായ ഐ.പി.എച്ച്. സ്ഥാപിതമായത്. കേരളത്തിൽ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് അസ്ഥിവാരമിടുകയും അതിനെ കരുത്തോടും കെട്ടുറപ്പോടും കൂടി വളർത്തിക്കൊണ്ടുവരികയും ചെയ്ത മർഹൂം ഹാജി സാഹിബ് തന്നെയാണ് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ സ്ഥാപകനും ആദ്യകാല രക്ഷിതാവും. അതിന്റെ പ്രഥമ പ്രസിദ്ധീകരണം സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുടെ 'രിസാലെ ദീനിയ്യാത്തി'ന്റെ വിവർത്തനമായ 'ഇസ്‌ലാം മത'മാണ്. എഴുപതിലേറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഈ ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ ഇതിനകം പത്തു പതിപ്പുകളിലൂടെ പതിനായിരക്കണക്കിന് പ്രതികൾ വിറ്റഴിക്കപ്പെടുകയുണ്ടായി. 1945 ആഗസ്റ്റിലാണ് രണ്ടാമത്തെ പ്രസിദ്ധീകരണം മർഹൂം മൗലാനാ മൗദൂദിയുടെ തന്നെ "സലാമത്തീ കരാസ്ത"യുടെ പരിഭാഷയായ "രക്ഷാസരണി"യാണ്. രണ്ടിന്റെയും മുദ്രണം നിർവഹിക്കപ്പെട്ടത് ഇടവായിലെ സി.എം. പ്രസ്സിലാണ്. ഇവ രണ്ടും വിവർത്തനം ചെയ്തതും അച്ചടിപ്പിച്ചതും വിതരണം ചെയ്തതുമെല്ലാം ഹാജിസാഹിബ് തന്നെയായിരുന്നു. ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ കേന്ദ്രം നൽകിയ എഴുനൂറ് രൂപകൊണ്ട് ആരംഭിച്ച ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ ആദ്യ ആസ്ഥാനം ഇരിമ്പിളിയത്തെ കൊച്ചുപള്ളിയിലെ ഇടുങ്ങിയ മുറിയിലെ ഒരു മുരിക്കിൻ പെട്ടിയായിരുന്നു. പിന്നീടത് വളാഞ്ചേരിയിലേക്കും തുടർന്ന് എടയൂരിലേക്കും മാറ്റി. ജമാഅത്തെ ഇസ്‌ലാമി കേരള ഘടകത്തിന്റെ കേന്ദ്രം കോഴിക്കോട്ടേക്കു മാറിയതോടെ ഐ.പി.എച്ചിന്റെ ആസ്ഥാനം വെള്ളിമാട്കുന്നായി.

ഹാജി സാഹിബിനെ തുടർന്ന് മർഹൂം ടി. മുഹമ്മദ് സാഹിബ്, ടി.കെ. ഇബ്രാഹീം സാഹിബ് തുടങ്ങിയവർ ഐ.പി.എച്ചിന് മേൽനോട്ടം വഹിക്കുകയുണ്ടായി. ഇപ്പോൾ ഗ്രന്ഥരചനാ വിഭാഗമായ ഡയറക്ടറേറ്റിൽ ആർട്ടിസ്റ്റുൾപെടെ അഞ്ചുപേരും വിൽപന കേന്ദ്രത്തിൽ ആറുപേരുമാണുള്ളത്.

**ഏറ്റവും വലിയ പ്രസാധനാലയം**

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന് ഇതിനകം കേരളത്തിലെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രസിദ്ധീകരണമായി ഉയരാനും വളരാനും സാധിച്ചിട്ടുണ്ട്. അമൂല്യങ്ങളായ ഒട്ടേറെ ബൃഹദ് ഗ്രന്ഥങ്ങൾ കൈരളിക്ക് കാഴ്ചവെച്ച ഈ സ്ഥാപനം ഇസ്‌ലാമിക നവോത്ഥാന രംഗത്ത് വഹിച്ച പങ്കു മഹത്തരമത്രെ. അജ്ഞതയിലും അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അകപ്പെട്ട് അന്ധമായ ജീവിതം നയിച്ചിരുന്ന കേരള മുസ്‌ലിംകളെ വിജ്ഞാനത്തിലേക്കും അതുവഴി വിശ്വാസത്തിലേക്കും വിശുദ്ധ ജീവിതത്തി

ലേക്കും നയിക്കുന്നതിൽ ഐ.പി.എച്ച് പുസ്തകങ്ങളുടെ സേവനം നിസ്തുലംതന്നെ. ഇന്ന് കേരളത്തിലെങ്ങും അലയടിച്ചുയരുന്ന ഇസ്‌ലാമിക ചിന്തയുടെയും ഉണർവിന്റെയും ആദ്യ അലകളിളക്കിവിട്ടത് ഈ പ്രസാധനാലയമാണ്. പടിഞ്ഞാറൻ ഭൗതിക പ്രത്യയശാസ്ത്രങ്ങളുയർത്തിയ വെല്ലുവിളികൾക്കു മുമ്പിൽ വിഭ്രാന്തമായി പകച്ചുനിന്ന മുസ്‌ലിം ചിന്തയെ തട്ടിയുണർത്തുന്നതിൽ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ പ്രസിദ്ധീകരണങ്ങളുടെ പങ്ക് അനിഷേധ്യമത്രെ.

ഖുർആൻ വ്യാഖ്യാന കൃതികൾ, ഹദീസ് പരിഭാഷകൾ, കർമശാസ്ത്ര ഗ്രന്ഥങ്ങൾ, ചരിത്ര പുസ്തകങ്ങൾ, സമൂഹശാസ്ത്ര ഗ്രന്ഥങ്ങൾ എന്നിവയിലൂടെ മുസ്‌ലിം സമൂഹത്തിന്റെ വിശ്വാസ സംസ്കരണത്തിനും ആദർശവൽക്കരണത്തിനും ഐ.പി.എച്ചിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇസ്‌ലാമിനെ സഹോദര സമുദായങ്ങൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിലും തെറ്റിദ്ധാരണകൾ നീക്കുന്നതിലും അതിനെതിരെയുള്ള വിമർശനങ്ങളും വെല്ലുവിളികളും നേരിടുന്നതിലും അത് പുറത്തിറക്കിയ കൃതികൾ ഒട്ടൊക്കെ വിജയിച്ചിട്ടുണ്ട്. മലയാളി മുസ്‌ലിംകളുടെ വായനാശീലം വളർത്തുന്നതിൽ സാരമായ പങ്കുവഹിച്ച ഈ ഇസ്‌ലാമിക പ്രസാധനാലയത്തിന് അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് യുവതീ യുവാക്കൾക്ക് ദൈവിക ദീനിന്റെ ചൈതന്യം പകർന്നുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത സർവസമ്മതമാണ്. യാഥാസ്തികത്വത്തിന്റെ കുരുക്കുകളിൽനിന്നും മോഡേണിസത്തിന്റെ വഞ്ചനയിൽനിന്നും മുസ്‌ലിം കേരളത്തെ മോചിപ്പിക്കാൻ ശ്രമിച്ചതോടൊപ്പം ഐ.പി.എച്ച് പ്രസിദ്ധീകരണങ്ങൾ, പരാജിത മനസ്കരായി ക്ഷമാപണ ശൈലി സ്വീകരിച്ച പണ്ഡിതന്മാരിലും എഴുത്തുകാരിലും വമ്പിച്ച സ്വാധീനം ചെലുത്തുകയുണ്ടായി. അവരുടെ അപകർഷബോധത്തിന് ഒരു പരിധിയോളം അറുതിവരുത്തി, അഭിമാനബോധം വളർത്തി. സർവോപരി ഇസ്‌ലാം ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും മാത്രമാണെന്ന ചിന്ത തിരുത്തി അതൊരു സമ്പൂർണ ജീവിത പദ്ധതിയാണെന്ന ബോധവും ധാരണയും വളർത്തി.

ആധുനിക ലോകത്തെ പ്രമുഖരായ ഏതാണ്ട് എല്ലാ ഇസ്‌ലാമിക പണ്ഡിതന്മാരുടെയും ചിന്തകരുടെയും ഗ്രന്ഥങ്ങൾ മലയാളികളെ പരിചയപ്പെടുത്താൻ ഐ.പി.എച്ച്. ശ്രദ്ധിച്ചിട്ടുണ്ട്. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, മൗലാനാ അബുൽ കലാം ആസാദ്, ശഹീദ് ഹസനുൽബന്ന, സയ്യിദ് ഖുതുബ്, മുഹമ്മദ് ഖുതുബ്, ഡോക്ടർ യൂസുഫുൽ ഖർദാവി, പ്രൊഫസർ ഖുർശിദ് അഹ്മദ്, മുഹമ്മദ് അസദ്, അലിജാ അലി ഇസ്സത്ത് ബെഗോവിച്ച്, ശൈഖ് മുഹമ്മദുൽ ഗസ്സാലി, സയ്യിദ് സാബിഖ്, സർ തോമസ് ആർണൾഡ്, ഡോക്ടർ അലി ശരീഅത്തി, സയ്യിദ് സുലൈമാൻ നദ്‌വി, അഹ്മദ് ബഹ്ജത്, സൈനബുൽ ഗസ്സാലി, ഡോക്ടർ നജീബ് കിലാനി, ഡോക്ടർ മുസ്തഫസ്സിബാഇ, സദ്റുദ്ദീൻ ഇസ്‌ലാഹി, എ.കെ. ബ്രോഹി, അമീൻ അഹ്സൻ ഇസ്‌ലാഹി, അബുൽ ഹസൻ അലി നദ്‌വി, വഹീദുദ്ദീൻ ഖാൻ പോലുള്ള പ്രമുഖരായ എഴുത്തുകാരുടെ വിഖ്യാതമായ കൃതികളുടെ മലയാള പരിഭാഷ തയ്യാറാക്കി പ്രസിദ്ധീകരിച്ച ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് ഇതിനകം ഇരുനൂറ്റമ്പതിലധികം മഹൽ ഗ്രന്ഥങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. അങ്ങനെ കേരളത്തിലെ ഏറ്റവും വലിയ അനൗപചാരിക ഇസ്‌ലാമിക വിദ്യാസ്ഥാപനമായി വളരാനും ഉയരാനും കഴിഞ്ഞ ഐ.പി.എച്ചിന്റെ പതപിന്തുടർന്ന് ധാരാളം ഇസ്‌ലാമിക പ്രസാധനാലയങ്ങൾ രംഗത്തുവന്നിട്ടുണ്ടെന്നത് സന്തോഷകരമാണ്. കെട്ടിലും മട്ടിലും മലയാളത്തിലെ മറ്റേത് പ്രസാധനാലയത്തിന്റെ കൃതികളോടും കിടപിടിക്കാൻ ഐ.പി.എച്ച് പുസ്തകങ്ങൾ പ്രാപ്തമാണെന്നത് മുസ്‌ലിം കേരളത്തിന് തികച്ചും അഭിമാനകരമത്രെ.